**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **02-02-2026 - ൽ മറുപടിയ്ക്ക്**

**മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വന ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വന ഡിവിഷനുകളിൽ മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വന ഡിവിഷനുകളിൽ നബാർഡ് സഹായത്തോടെ 108 കി. മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തിയിൽ 24.10 കി. മീ. പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ഡിവിഷന്റെ കീഴിലും എത്ര ദൂരമാണ് സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനുകളിലും എത്ര ദൂരം സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | (പട്ടിക താഴെ) |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വനം ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് Kerala Police Housing Construction Corporation Limited കോൺട്രാക്ടർമാരുമായി വെച്ചിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ താഴെ പ്രതിപാദിക്കുന്ന തീയതികളിൽ മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. |

(ബി)

| **ഡിവിഷൻ** | **സൗരോർജ്ജ തൂക്കുവേലി (ആകെ കി. മീ)** | **പൂർത്തിയാക്കിയത് (കി. മീ)** |
|---|---|---|
| ചാലക്കുടി | 18 | 9.60 |
| മലയാറ്റൂർ | 30 | 6 |
| വാഴച്ചാൽ | 60 | 8.50 |
| ആകെ | 108 | 24.10 |

(സി)

| **ഡിവിഷൻ** | **കരാർ പ്രവൃത്തി പൂർത്തിയാകുന്ന കാലാവധി** |
|---|---|
| ചാലക്കുടി | 10.05.2026 (11.02.2025 മുതൽ 15മാസം വരെ) |
| മലയാറ്റൂർ | 06.02.2027 (07.02.2025 മുതൽ 24 മാസം വരെ) |

| | | | | | |
|---|---|---|---|---|---|
| | | | | വാഴച്ചാൽ | 20.08.2026 (21.02.2025മുതൽ 18 മാസം വരെ) |

സെക്ഷൻ ഓഫീസർ